Athmaraksha.org

തകർച്ചയുടെ വഴികൾ

ഇന്റർനെറ്റ്, കമ്പ്യൂട്ടർ, മൊബൈൽ ഫോൺ ഇവയുടെ ദുരുപയോഗങ്ങൾക്ക് അടിമപ്പെട്ടവർ സ്വന്തം ഭാവി നശിപ്പിക്കുന്നു




ലോകത്തെയോ ലോകത്തിലുള്ള വസ്തുക്കളെയോ നിങ്ങൾ സ്നേഹിക്കരുത്. ആരെങ്കിലും ലോകത്തെ സ്നേഹിച്ചാൽ പിതാവിന്റെ സ്നേഹം അവനിൽ ഉണ്ടായിരിക്കുകയില്ല. എന്തെന്നാൽ, ജഡത്തിന്റെ ദുരാശ, കണ്ണുകളുടെ ദുരാശ, ജീവിതത്തിന്റെ അഹന്ത ഇങ്ങനെ ലോകത്തിലുള്ളതൊന്നും പിതാവിൻേറതല്ല; പ്രത്യുത, ലോകത്തിൻേറതാണ്. ലോകവും അതിന്റെ മോഹങ്ങളും കടന്നുപോകുന്നു. ദൈവഹിതം പ്രവർത്തിക്കുന്നവനാകട്ടെ എന്നേക്കും നിലനിൽക്കുന്നു (1 യോഹന്നാൻ 2:15-17).

ലോകത്തോടുള്ള മൈത്രി ദൈവത്തോടുള്ള ശത്രുതയാണെന്നു നിങ്ങൾ അറിയുന്നില്ലേ? ലോകത്തിന്റെ മിത്രമാകാൻ ആഗ്രഹിക്കുന്നവൻ തന്നെത്തന്നെ ദൈവത്തിന്റെ ശത്രുവാക്കുന്നു (യാക്കോബ് 4:4).

ജഡികമായി ജീവിക്കുന്നവർ ജഡികകാര്യങ്ങളിൽ മനസ്സുവയ്ക്കുന്നു. ആത്മീയമായി ജീവിക്കുന്നവരാകട്ടെ, ആത്മീയകാര്യങ്ങളിൽ മനസ്സുവയ്ക്കുന്നു. ജഡികാഭിലാഷങ്ങൾ മരണത്തിലേക്കു നയിക്കുന്നു; ആത്മീയാഭിലാഷങ്ങൾ ജീവനിലേക്കും സമാധാനത്തിലേക്കും (റോമാ 8:5-6) കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന എല്ലാവരും രക്ഷപ്രാപിക്കും (റോമാ 10:13). നിങ്ങൾ ഈലോകത്തിന് അനുരൂപരാകരുത്; പ്രത്യുത, നിങ്ങളുടെ മനസ്സിന്റെ നവീകരണംവഴി രൂപാന്തരപ്പെടുവിൻ. ദൈവഹിതം എന്തെന്നും, നല്ലതും പ്രീതിജനകവും പരിപൂർണ വുമായത് എന്തെന്നും വിവേചിച്ചറിയാൻ അപ്പോൾ നിങ്ങൾക്കു സാധിക്കും (റോമാ 12:2).

നിങ്ങളുടെ ശത്രുവായ പിശാച് അലറുന്ന സിംഹത്തെപ്പോലെ, ആരെ വിഴുങ്ങണമെന്ന് അന്വേഷിച്ചുകൊണ്ടു ചുറ്റിനടക്കുന്നു. വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട് അവനെ എതിർക്കുവിൻ (1 പത്രോസ് 5:8-9)

പ്രിയപ്പെട്ടവരേ, കർത്താവിന്റെ മുമ്പിൽ ഒരു ദിവസം ആയിരം വർഷങ്ങൾപോലെയും ആയിരം

വർഷങ്ങൾ ഒരു ദിവസം പോലെയുമാണ് എന്ന കാര്യം നിങ്ങൾ വിസ്മരിക്കരുത് (2 പത്രോസ് 3:8).

ഇപ്പോൾ തിൻമയുടെ ദിനങ്ങളാണ്. നിങ്ങളുടെ സമയം പൂർണമായും പ്രയോജനപ്പെടുത്തുവിൻ (എഫേസോസ് 5:16).

എന്നെ അയച്ചവന്റെ പ്രവൃത്തികൾ പകലായിരിക്കുവോളം നാം ചെയ്യേണ്ടിയിരിക്കുന്നു. ആർക്കും ജോലിചെയ്യാൻ കഴിയാത്ത രാത്രി വരുന്നു (യോഹന്നാൻ 9:4).

ആരുണ്ട് എന്നെ നിയന്ത്രിക്കാൻ എന്നുപറയരുത്; കർത്താവ് നിന്നെ ശിക്ഷിക്കും; തീർച്ച. പാപം ചെയ്തിട്ട് എനിക്ക് എന്തു സംഭവിച്ചു എന്നും പറയരുത്; കർത്തൃകോപം സാവധാനമേ വരൂ. ക്ഷമിക്കുമെന്നോർത്ത് വീണ്ടും വീണ്ടും പാപം ചെയ്യരുത് (പ്രഭാഷകൻ 5:3-5) ദുശ്ശാഠ്യക്കാരൻ ഒരുവനേയുള്ളുവെങ്കിലും അവൻ ശിക്ഷിക്കപ്പെടാതിരിക്കുന്നെങ്കിൽ, അദ്ഭുതമാണ്; കരുണയും കോപവും കർത്താവിനോടുകൂടെയുണ്ട്; ക്ഷമിക്കുമ്പോഴും ക്രോധം ചൊരിയുമ്പോഴും അവിടുത്തെ ശക്തിയാണ് പ്രകടമാകുന്നത് (പ്രഭാ 16:11)

നമ്മുടെ ബലഹീനതകളിൽ നമ്മോടൊത്തു സഹതപിക്കാൻ കഴിയാത്ത ഒരു പ്രധാനപുരോഹിതനല്ല നമുക്കുള്ളത്; പിന്നെയോ, ഒരിക്കലും പാപംചെയ്തിട്ടില്ലെങ്കിലും എല്ലാകാര്യങ്ങളിലും നമ്മെപ്പോലെതന്നെ പരീക്ഷിക്കപ്പെട്ടവനാണ് അവൻ (ഹെബ്രായർ 4:15). സത്യത്തെ സംബന്ധിച്ചു പൂർണമായ അറിവു ലഭിച്ചതിനുശേഷം മനഃപൂർവം നാം പാപം ചെയ്യുന്നെങ്കിൽ പാപങ്ങൾക്കുവേണ്ടി അർപ്പിക്കപ്പെടാൻ പിന്നൊരു ബലി അവശേഷിക്കുന്നില്ല. മറിച്ച്, ഭയങ്കരമായ ന്യായവിധിയുടെ സംഭീതമായ കാത്തിരിപ്പും ശത്രുക്കളെ വിഴുങ്ങിക്കളയുന്ന അഗ്നിയുടെ ക്രോധവും മാത്രമേ ഉണ്ടായിരിക്കു (ഹെബ്രായർ 10:26-27).

തെറ്റുകൾ മറച്ചുവയ്ക്കുന്നവന്ഐശ്വര്യമുണ്ടാവുകയില്ല; അവ ഏറ്റുപറഞ്ഞ് പരിത്യജിക്കുന്നവന്കരുണ ലഭിക്കും. (1 കോറിന്തോസ് 10:12) ആകയാൽ, നിൽക്കുന്നു എന്നു വിചാരിക്കുന്നവൻ വീഴാതെ സൂക്ഷിച്ചുകൊള്ളട്ടെ (സുഭാഷിതങ്ങൾ 28:13).

മനുഷ്യസാധാരണമല്ലാത്ത ഒരു പ്രലോഭനവും നിങ്ങൾക്കു നേരിട്ടിട്ടില്ല. ദൈവം വിശ്വസ്തനാണ്. നിങ്ങളുടെ ശക്തിക്കതീതമായ പ്രലോഭനങ്ങൾ ഉണ്ടാകാൻ അവിടുന്ന് അനുവദിക്കുകയില്ല. പ്രലോഭനങ്ങൾ ഉണ്ടാകുമ്പോൾ അവയെ അതിജീവിക്കാൻ വേണ്ട ശക്തി അവിടുന്ന് നിങ്ങൾക്കു നൽകും (1 കോറിന്തോസ് 10:13).

നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും (യോഹന്നാൻ 8:32).
കർത്താവ് അരുളിച്ചെയ്യുന്നു: ഇപ്പോഴെങ്കിലും ഉപവാസത്തോടും വിലാപത്താടും നെടുവീർപ്പോടുംകൂടെ നിങ്ങൾ പൂർണഹൃദയത്തോടെ
എന്റെ അടുക്കലേക്കു തിരിച്ചുവരുവിൻ (ജോയേൽ 2:12).

ദൈവമേ, എന്നെ പരിശോധിച്ച് എന്റെ ഹൃദയത്തെ അറിയണമേ! എന്നെ പരീക്ഷിച്ച് എന്റെ വിചാരങ്ങൾ മനസ്സിലാക്കണമേ! വിനാശത്തിന്റെ മാർഗത്തിലാണോ ഞാൻ ചരിക്കുന്നതെന്നു നോക്കണമേ! ശാശ്വതമാർഗത്തിലൂടെ എന്നെ നയിക്കണമേ! (സങ്കീർത്തനങ്ങൾ 139:23-24).